പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3694 15/05/2017-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ എയ്ഡഡ് സ്കൂളിൽ നിന്നും 2016-17 അദ്ധ്യയനവർഷം വിരമിച്ച അദ്ധ്യാപകർക്ക് പകരം 2017-18 അദ്ധ്യയന വർഷാരംഭത്തിൽ പുതിയ അദ്ധ്യാപകരെ നിയമിക്കുവാൻ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർക്ക് സാധിക്കുമോ; | എ) 2016-17 അദ്ധ്യയന വർഷം വിരമിച്ച അദ്ധ്യാപകർക്ക് പകരം, 2017-18 ൽ പുതിയ അദ്ധ്യാപകരെ, ബന്ധപ്പെട്ട ചട്ടങ്ങളനുസരിച്ച് മാത്രം നിയമിക്കാൻ മാനേജർക്ക് സാധിക്കും. |
| (ബി) ഇങ്ങനെ നിയമിതരാകുന്ന അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നിർബന്ധമാണോ; ഇവർക്ക് കെ-ടെറ്റ് നേടാൻ ഒരു വർഷത്തെ സമയം അനുവദിക്കുമോ; | (ബി) 2017-18-ൽ നിയമിതരാകുന്ന അദ്ധ്യാപകർക്ക് നിലവിലെ നിയമ പ്രകാരം കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. 31/3/2018 വരെ കെ-ടെറ്റ് യോഗ്യത നേടുന്നതിന് സമയം അനുവദിച്ചിട്ടുണ്ട്. (ജി.ഒ (പി) നം. 3/2017/പൊവിവ തീയതി 21/2/17 പ്രകാരം) |
| (സി) 2017-18 വർഷം നിയമിതരാവുന്ന അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത ഇല്ലെങ്കിൽ നിയമനാംഗീകാരം ലഭിക്കുമോ; | (സി) നിലവിലെ നിയമ പ്രകാരം നിയമനാംഗീകാരം ലഭിക്കില്ല. |
| (ഡി) പി.എസ്.സി ലിസ്റ്റിലുള്ള അദ്ധ്യാപകർക്ക് കെ-ടെറ്റ് ഇല്ലാതെ സർക്കാർ സ്കൂളുകളിൽ നിയമനം ലഭിക്കുമോ?. | (ഡി) 30-08-2016 ന് മുൻപ് വിജ്ഞാപനം ചെയ്ത് റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ച തസ്തികകളുടെ നിയമന ശിപാർശ നടപടി താൽകാലികമായി നിർത്തി വയ്ക്കാൻ ബഹു. കമ്മീഷൻ 20-03-2017 ൽ തീരുമാനിച്ചിരുന്നു. എന്നാൽ ടി വിഷയത്തിന്റെ വിവിധ വശങ്ങൾ വീണ്ടും പരിശോധിച്ച് കമ്മീഷൻ 30-08-2016 ന് മുമ്പ് വിജ്ഞാപനം ചെയ്തതും ഇപ്പോൾ നിയമനശിപാർശ ചെയ്യുമ്പോൾ കെ-ടെറ്റ് യോഗ്യത സംബന്ധിച്ച OP (KAT) 179/2016 |

നമ്പർ ഹർജിയിലെ അന്തിമ വിധിക്കും, ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും വിധേയമായാണ് നിയമന ശിപാർശ എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി നിയമനശിപാർശ പുന:രാരംഭിക്കാൻ 27-03-2017-ൽ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ